ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഇന്തോനേഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ജക്കാർത്തയിൽ ഊഷ്മള വരവേൽപ്പ് .
   **Prime Minister Narendra Modi received a warm welcome in Jakarta after arriving in Indonesia as part of his three-nation visit.**

2. ഓണക്കാലത്ത് കേരളത്തിലേക്ക് ഇക്കുറി നൂറിലധികം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.
   **Union Railway Minister Ashwini Vaishnaw has announced that more than 100 special trains will operate to Kerala during the Onam season this year.**

3. ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിന് കൊച്ചിയിൽ ഇന്ന് തുടക്കമായി.
   **The BRICS Women's Working Group meeting began in Kochi today.**

4. ലഹരിക്കെതിരായ ഓപ്പറേഷൻ തൂഫാന് പിന്തുണ പ്രഖ്യാപിച്ച് നാളെ കൊല്ലത്ത് രണ്ടായിരത്തോളം വനിതകൾ അണിനിരക്കും.
   **Around 2,000 women will gather in Kollam tomorrow to express their support for Operation Toofan, the anti-drug campaign.**

5. മഹാരാഷ്ട്രയിൽ കനത്ത മഴ തുടരുന്നു. മുംബൈയിലും കൊങ്കൺ മേഖലയിലും ജനജീവിതം ദുരിതത്തിൽ.
   **Heavy rainfall continues in Maharashtra, disrupting normal life in Mumbai and the Konkan region.**

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12.30 ന് പോർച്ചുഗൽ, സ്പെയിനെ നേരിടും. യുഎസ്എ-ബെൽജിയം മത്സരം നാളെ രാവിലെ 5.30 ന്.

**In the FIFA World Cup, Portugal will take on Spain at 12:30 a.m. tonight, while the USA will face Belgium tomorrow at 5:30 a.m**

*********************************************

## EVE PM–INDONESIA

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്തോനേഷ്യയിലെത്തി. ജക്കാർത്ത വിമാനത്താവളത്തിൽ ഇന്തോനേഷ്യൻ പ്രസിഡൻറ് പ്രബോവോ സുബിയാന്തോ അദ്ദേഹത്തെ സ്വീകരിച്ചു. പരമ്പരാഗത കലാരൂപങ്ങളുടെ പ്രകടനത്തോടെയാണ് ഇന്തോനേഷ്യൻ സമൂഹവും ഇന്ത്യൻ പ്രവാസികളും ചേർന്ന് പ്രധാനമന്ത്രിക്ക് ആവേശോജ്ജ്വലമായ സ്വീകരണം നൽകിയത്. ഇന്തോനേഷ്യൻ പ്രസിഡൻറുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. സമഗ്ര നയതന്ത്ര പങ്കാളിത്തത്തിലെ പുരോഗതി ഇരു നേതാക്കളും വിലയിരുത്തും. ജക്കാർത്തയിൽ നടക്കുന്ന പരിപാടിയിൽ, ഇൻഡോനേഷ്യയിലെ പ്രവാസി ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. പൗരാണിക നഗരമായ യോഗ്യകർത്തയിലെ പ്രശസ്തമായ പ്രംബാനൻ ക്ഷേത്ര സമുച്ചയവും പ്രധാനമന്ത്രി സന്ദർശിക്കും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ഈ മാസം 8 മുതൽ 10 വരെ പ്രധാനമന്ത്രി ഓസ്ട്രേലിയ സന്ദർശിക്കും. മെൽബണിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിലും, ബിസിനസ്സ് ഫോറത്തിലും അദ്ദേഹം ഓസ്ട്രേലിയൻ പ്രധാനമന്ത്രിയ്ക്കൊപ്പം പങ്കെടുക്കും. തുടർന്ന് ജൂലൈ 10 മുതൽ 11 വരെ ന്യൂസിലൻഡ് സന്ദർശിക്കുന്ന ശ്രീ മോദി ന്യൂസിലൻഡ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും.

*********************************************

## RAILWAY – RATH YATRA SPECIAL TRAIN (INTRO)

ഓണത്തോടനുബന്ധിച്ച് കേരളത്തിലേക്ക് ഇക്കുറി നൂറിലധികം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. പുരി ജഗന്നാഥ ക്ഷേത്രത്തിലെ രഥയാത്രയോടനുബന്ധിച്ച് മുന്നൂറിലധികം പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. നിലവിൽ സർവീസ് നടത്തുന്ന എണ്ണൂറിലധികം ട്രെയിനുകൾക്ക് പുറമെയാണ് അധിക സർവീസ് ഏർപ്പെടുത്തുന്നത്.

(വോയിസ് )

ഓണക്കാലത്തേക്ക് സ്പെഷ്യൽ ട്രെയിൻ അനുവദിച്ചതിൽ കേന്ദ്ര സർക്കാരിന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എംഎൽഎ നന്ദി രേഖപ്പെടുത്തി.

*****************************************************

## SHAH – COOPERATION (INTRO)

പരിഷ്കാരങ്ങൾ, ഡിജിറ്റൈസേഷൻ എന്നിവയിലൂടെ രാജ്യത്തെ സഹകരണ പ്രസ്ഥാനം വികാസത്തിൻറെ പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണെന്ന് കേന്ദ്ര സഹകരണ മന്ത്രി അമിത്ഷാ. സഹകരണ മന്ത്രാലയം സ്ഥാപിതമായതിൻറെ അഞ്ചാമത് വാർഷികാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അഞ്ച് സഹകരണ സംഘങ്ങളെ കണ്ടെത്തുന്നതിന് റാങ്കിംഗ് ചട്ടക്കൂട് തയ്യാറാക്കിയതായും അദ്ദേഹം പറഞ്ഞു. ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം കുറയ്ക്കാനും അദ്ദേഹം കർഷകരോട് അഭ്യർത്ഥിച്ചു. .

(വോയ്സ്)

## GADKARI- REVIEW MEETING

നാഷണൽ ഹൈവേ ലോജിസ്റ്റിക്സ് മാനേജ്മെൻറ് ലിമിറ്റഡിൻറെ അവലോകന യോഗം കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ അധ്യക്ഷതയിൽ ഇന്ന് ചേർന്നു. മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ, റോപ്‌വേകൾ, തുടങ്ങിയവയുടെ പദ്ധതിതല പുരോഗതി മന്ത്രി വിലയിരുത്തി. സംയോജിത ഗതാഗത ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ ഇത്തരം സംരംഭങ്ങൾ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു.

*****************************************

## PRESIDENT-SIX NATIONS ENVOY

രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ആറ് രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളിൽ നിന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരപത്രം സ്വീകരിച്ചു. മൊസാംബിക്, നിക്കരഗ്വെ, സുരിനാം, ഗാബോൺ , മംഗോളിയ, ബഹാമാസ് എന്നീ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളിൽ നിന്നാണ് രാഷ്ട്രപതി അംഗീകാരപത്രം സ്വീകരിച്ചത്.

*****************************************

## CONSUMER AFFAIRS- RULES

ലീഗൽ മെട്രോളജി നിയമം 2011 ൽ ഭേദഗതി വരുത്തി കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രാലയം. ശാസ്ത്രീയമായ രീതികളിലൂടെ, അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധന വേഗത്തിലാക്കാൻ ലക്ഷ്യമിട്ടാണ് നടപടി. പരിശോധനയ്ക്കായി ഉപയോഗിക്കുന്ന സ്റ്റാൻഡേർഡ് വെയ്റ്റ് പരിധി 50 ശതമാനത്തിൽ നിന്നും 20 ആയി കുറച്ചിട്ടുണ്ട്.

*****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************************

## BRICS WOMEN MEETING (INTRO)

ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിന് കൊച്ചിയിൽ തുടക്കമായി. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയിൽ ഇന്നും നാളെയും വനിതാ പ്രവർത്തക സമിതി യോഗവും ബുധൻ, വ്യാഴം ദിവസങ്ങളിൽ വനിതാ മന്ത്രിതല യോഗവുമാണ് നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ല പ്രതിനിധി പി. നഹീമ---

(വോയ്സ്)

*****************************************

## KOLLAM THOOFAN – JWALA

ലഹരിക്കെതിരായ ജനകീയ ദൗത്യമായ ഓപ്പറേഷൻ തൂഫാന് പിന്തുണ പ്രഖ്യാപിച്ച് നാളെ കൊല്ലത്ത് സംഘടിപ്പിക്കുന്ന 'ജ്വാല 2026' പരിപാടിയിൽ രണ്ടായിരത്തോളം വനിതകൾ പങ്കെടുക്കും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

*****************************************

## MUMBAI RAINS

മഹാരാഷ്ട്രയുടെ വിവിധ മേഖലകളിൽ തുടരുന്ന കനത്ത മഴയിൽ, മുംബൈയിലും കൊങ്കൺ മേഖലയിലും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും രൂക്ഷം. ഇവിടെക്കുള്ള അനാവശ്യ യാത്രകൾ

ഒഴിവാക്കണമെന്ന് പൊതു ജനങ്ങൾക്ക് നിർദ്ദേശം നൽകി. റോഡ്, റെയിൽ ഗതാഗതവും, വിമാന സർവീസുകളും മോശം കാലാവസ്ഥ മൂലം തടസ്സപ്പെട്ടു . മുംബൈ പൂനെ എക്സ്പ്രസ് വേയിലും, മുംബൈ-ഗോവ ദേശീയ പാതയിലും ഗതാഗതം തടസ്സപ്പെട്ടിട്ടുണ്ട്. പൂനെയിലും, തീരദേശ ജില്ലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിരുന്നു. രത്നഗിരി, സിന്ധുദുർഗ് ജില്ലകളിലും പ്രളയ സമാനമായ സാഹചര്യമാണ്

*****************************************

## GUJARAT - RAINS

ഗുജറാത്തിൻറെ തെക്കൻ മേഖലകളിലും സൗരാഷ്ട്രയിലും കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. മൂന്ന് ദേശിയ പാതകളടക്കം 80 ലേറെ റോഡുകൾ താത്കാലികമായി അടച്ചു. 100-ലേറെ ഗ്രാമങ്ങളിൽ വൈദ്യുതി വിതരണവും തടസ്സപ്പെട്ടു. വിവിധ അണക്കെട്ടുകളിൽ ജലനിരപ്പും വലിയ തോതിൽ ഉയർന്നിട്ടുണ്ട്. ദുരന്ത സാധ്യതയുള്ള ജില്ലകളിൽ NDRF, SDRF സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്.

*****************************************

## RAIN - KERALA

തെക്കൻ ഗുജറാത്ത് തീരം മുതൽ വടക്കൻ കേരള തീരം വരെ തീരദേശ ന്യൂനമർദ്ദ പാത്തി സ്ഥിതി ചെയ്യുന്നതിനാൽ വെള്ളിയാഴ്ച വരെ കേരളം മാഹി എന്നിവിടങ്ങളിൽ മഴയ്ക്ക് സാധ്യത. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*****************************************

## WORLD CUP FOOTBALL

ഫിഫ ലോകകപ്പ് ഫുട്ബോൾ പ്രീ ക്വാർട്ടറിൽ ഇന്ന് രാത്രി 12.30 ന് പോർച്ചുഗൽ- സ്പെയിനെ നേരിടും. ക്രിസ്റ്റ്യാനോ റൊണാൾഡോയും, ലാമിൻ യമാലും നേർക്കുനേർ വരുന്ന പോരാട്ടത്തിനായി ഫുട്ബോൾ ആരാധകർ ആവേശപൂർവ്വം കാത്തിരിക്കുകയാണ്. നാളെ പുലർച്ചെ 5.30 നാണ് USA, ബെൽജിയം മത്സരം. ഇന്ന് പുലർച്ചെ നടന്ന പ്രീക്വാർട്ടറിൽ അഞ്ച് തവണ ലോക ചാമ്പ്യന്മാരായ ബ്രസീലിനെ, ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് നോർവേ പരാജയപ്പെടുത്തി. ലോകകപ്പിൽ നിന്ന് പുറത്തായതിന് പിന്നാലെ, ബ്രസീൽ നായകൻ നെയ്മർ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.

********************************************

## IRAN-KHAMENEI FUNERAL

ഇറാൻ മുൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനേയിയുടെ സംസ്കാര ചടങ്ങുകളുടെ ഭാഗമായി നടന്ന വിലാപ യാത്രയ്ക്കായി ടെഹ്റാനിൽ ഇന്ന് അണി നിരന്നത് വൻ ജനാവലി. ഫെബ്രുവരി 28 ന് ഇസ്രയേൽ-അമേരിക്ക വ്യോമാക്രമണത്തിലാണ് ഖമനേയിയും, കുടുംബാംഗങ്ങളും കൊല്ലപ്പെട്ടത്. 12 മണിക്കൂറോളം നീളുന്ന വിലാപയാത്രയോടനുബന്ധിച്ച് റോഡുകളും വ്യോമപാതയും അടച്ചിരിക്കുകയാണ്. ഖമനേയിയുടെ ജന്മസ്ഥലമായ മഷ്ഹാദിൽ വ്യാഴാഴ്ചയാണ് കബറടക്കം.

********************************************

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച്

വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

*****************************************

## PIB FACT CHECK – SHAH

പാക് അധീന കശ്മീരിലെ ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റിയെക്കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പ്രസ്താവന നടത്തിയതായി സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഇത്തരമൊരു പ്രസ്താവന അദ്ദേഹം നടത്തിയിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി.

**************************************************************************************

*****************************************